## 681

*രീതി: എൻപ്രിയനെന്തു മനോഹരനാം*

1 ഉടയവനേശുവെന്നടിയനല്ലോ
ഉലയുകില്ല ഞാനീയുലകിൽ
ആനന്ദമേ പരമാനന്ദമേ ഞാനെന്നും
നാഥനെ പുകഴ്ത്തിടുമേ-

2 പച്ചപ്പുൽപ്പുറങ്ങളിൽ കിടത്തിടുന്നോൻ
ശുദ്ധജലമേകി പോറ്റിടുന്നു
നീറുമെൻ പ്രാണനെ തണുപ്പിച്ചുതൻ
നീതിയിൽ നയിക്കും സൽപാതകളിൽ-

3 ഭീതിയെഴാതെന്നെ നടത്തിടുന്നു
ലോകത്തിൻ കൂരിരുൾ താഴ്‌വരയിൽ
ശോകമെനിക്കെന്തിന്നരുമനാഥൻ
ആശ്വാസദായകനനുദിനവും

4 അരികളിൻമദ്ധ്യേ നൽവിരുന്നൊരുക്കി
അഭിഷേകതൈലത്താൽ ശിരസ്സിലേകും
കവിഞ്ഞൊഴുകും മമ പാനപാത്രം
മനസ്സലിവെഴും പരൻ-ഹല്ലേലുയ്യാ

5 നന്മയും കരുണയുമായുരന്തം
പിന്തുടരുമെന്നെത്തിരു കൃപയാൽ
ചെന്നുചേരും സ്വർഗ്ഗമന്ദിരത്തിലെന്നെന്നും
വസിക്കും ഞാൻ ഹല്ലേലുയ്യാ- **K.J.S.**